# ശബരിമല; ഐ&പിആർഡി മീഡിയ സെന്റർ സന്നിധാനം
# 13.01.2026

## മകരവിളക്ക് മഹോത്സവം: തീർത്ഥാടകരുടെ സേവനത്തിന് അൻപതോളം ഡോക്ടർമാരും സംഘവും

ശബരിമല മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് ആരോഗ്യ വകുപ്പ് സ്പെഷ്യലിസ്റ്റുകൾ ഉൾപ്പെടെയുള്ള അൻപതോളം ഡോക്ടർമാരുടെയും അനുബന്ധ സ്റ്റാഫുകളുടെയും സേവനം ഒരുക്കിയിട്ടുണ്ട്. സന്നിധാനം, പമ്പ, നീലിമല, അപ്പാച്ചിമേട്, ചരൽമേട്, നിലയ്ക്കൽ ആശുപത്രികളിലായാണ് ഇവരെ വിന്യസിച്ചിരിക്കുന്നത്. അടിയന്തര ഘട്ടത്തിൽ സേവനം ഉറപ്പാക്കുന്നതിനായി ഡോക്ടർമാരുടെ റിസർവ് ലിസ്റ്റും തയ്യാറാക്കിയിട്ടുണ്ട്. എല്ലാ ആശുപത്രികളിലും മരുന്നുകളുടെ ലഭ്യത ഉറപ്പു വരുത്തിയിട്ടുണ്ട്. സാധാരണ മരുന്നുകൾക്ക് പുറമെ ഹൃദയാഘാതത്തിന് ത്രോംബോലിസിസ് ചെയ്യുന്ന മരുന്ന്, പാമ്പിൻ വിഷത്തിനുള്ള ആന്റി സ്നേക്ക് വെനം, പേവിഷബാധയ്ക്കുള്ള വാക്സിൻ, ഇമ്മ്യൂണോഗ്ലോബുലിൻ മുതലായവയും ആശുപത്രികളിൽ ലഭ്യമാണ്.

മകരവിളക്ക് വ്യൂ പോയിന്റുകളിൽ ആംബുലൻസും മെഡിക്കൽ സംഘവും സേവനത്തിനുണ്ടാകും. അടിയന്തര സർവീസിനായി നിലവിലുള്ള 27 ആംബുലൻസുകൾക്ക് പുറമേ 19 അധിക ആംബുലൻസുകൾ ഉൾപ്പെടെ 46 ആംബുലൻസുകൾ സജ്ജമാക്കിയിട്ടുണ്ട്. ഇതിൽ 14 ആംബുലൻസുകൾ വിവിധ വ്യൂ പോയിന്റുകളിലും 5 ആംബുലൻസുകൾ പമ്പയിലും നിലയ്ക്കലുമായി സേവനത്തിനുണ്ടാകും.

പമ്പ ഹിൽടോപ്പ്, പമ്പ ഹിൽഡൗൺ, യു ടേൺ, ത്രിവേണി പെട്രോൾ പമ്പ്, ത്രിവേണി പാലം, പമ്പ കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻഡ്, ചാലക്കയം, അട്ടത്തോട് (പമ്പ-നിലയ്ക്കൽ റോഡ്), കിഴക്കേ അട്ടത്തോട്, പടിഞ്ഞാറേ അട്ടത്തോട്, നെല്ലിമല, പഞ്ഞിപ്പാറ, ആങ്ങമൂഴി, വലിയാനവട്ടം, സന്നിധാനത്ത് പാണ്ടിത്താവളം, ബെയ്‌ലി പാലം, എച്ച്.ഐ ക്വാർട്ടേഴ്സ് എന്നിവിടങ്ങളിൽ അധിക മെഡിക്കൽ ടീം പ്രവർത്തിക്കും.

പമ്പ മുതൽ സന്നിധാനം വരെയുള്ള പാതയിൽ 17 അടിയന്തര വൈദ്യസഹായകേന്ദ്രങ്ങൾ (നീലിമല ബോട്ടം, നീലിമല മിഡിൽ, നീലിമല ടോപ്, അപ്പാച്ചിമേട് ബോട്ടം, അപ്പാച്ചിമേട് മിഡിൽ, അപ്പാച്ചിമേട് ടോപ്, ഫോറെസ്റ്റ് ക്യാമ്പ് ഷെഡ്, മരക്കൂട്ടം, ക്യൂ കോംപ്ലക്സ് 2, ക്യൂ കോംപ്ലക്സ് എസ്. എം 1, ശരംകുത്തി, വാവരുനട, സോപാനം, പാണ്ടിത്താവളം, ചരൽമേട് ടോപ്, ചരൽമേട് മിഡിൽ, ചരൽമേട് ബോട്ടം) സജ്ജമാണ്.

സ്ട്രെച്ചർ സർവീസ്, ആംബുലൻസ് സർവീസ് എന്നിവ നിയന്ത്രിക്കുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമും പ്രവർത്തനം തുടങ്ങി. ഇതിന് പുറമെ ജില്ലാ മെഡിക്കൽ ഓഫീസിൽ 72 മണിക്കൂർ കൺട്രോൾ റൂം പ്രവർത്തിക്കുന്നുണ്ട്. (നമ്പർ: 0468 2222642, 0468 2228220)

തിരുവാഭരണഘോഷയാത്ര സംഘത്തെ സന്നിധാനത്തേയ്ക്കും തിരിച്ചുമുള്ള യാത്രയിലും മെഡിക്കൽ ടീം അനുഗമിക്കും. തിരുവാഭരണ ഘോഷയാത്ര വരുന്നപാതയിലുള്ള ആശുപത്രികൾ ആ സമയം തുറന്ന് പ്രവർത്തിക്കും. (കുളനട 6 മണി വരെ).

മകരവിളക്കിന് മുന്നോടിയായി നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ ഹെൽത്ത് സൂപ്പർവൈസർമാരുടെയും ഹെൽത്ത് ഇൻസ്പെക്ടർമാരുടെയും നേതൃത്വത്തിൽ രോഗ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

ഭക്തർക്ക് ശബരിമലയിൽ അടിയന്തര വൈദ്യസഹായത്തിനായി 04735 203232 എന്ന ടോൾ ഫ്രീ നമ്പറിൽ ബന്ധപ്പെടാം.

**സന്നിധാനം ഭക്തിസാന്ദ്രമാക്കി വനപാലകരുടെ ഭക്തിഗാനസുധ**

ഉദ്യോഗസ്ഥരുടെ സംഗീതാർച്ചനയ്ക്ക് നിറഞ്ഞ സദസ്

മണ്ഡലമകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് ശബരിമലയിൽ എത്തിയ തീർത്ഥാടകർക്ക് ആത്മീയാനുഭവം പകർന്ന് വനം വകുപ്പ് ഉദ്യോഗസ്ഥരുടെ ഗാനാഞ്ജലി. ശബരിമലയിൽ ഡ്യൂട്ടിയുടെ

ഭാഗമായെത്തിയ ഉദ്യോഗസ്ഥരാണ് അയ്യപ്പ ഭക്തിഗാനങ്ങൾ ആലപിച്ചത്. 21 ഉദ്യോഗസ്ഥരാണ് ഗാനാഞ്ജലി അവതരിപ്പിച്ചത്. 2012 മുതൽ വനം വകുപ്പ് ഉദ്യോഗസ്ഥർ സന്നിധാനത്ത് ഗാനാഞ്ജലി അവതരിപ്പിക്കുന്നുണ്ട്.

ശബരിമലയിൽ തങ്ക സൂര്യോദയം, സ്വാമി സംഗീതം, ഉദിച്ചുയർന്നു മാമല മേലെ തുടങ്ങിയ ജനപ്രിയ അയ്യപ്പ ഭക്തിഗാനങ്ങൾ കോർത്തിണക്കിയായിരുന്നു ഗാനാഞ്ജലി. നിരവധി തീർത്ഥാടകർ ഗാനാഞ്ജലി കാണാനും ആസ്വദിക്കാനും എത്തി. വനം വകുപ്പ് ഉദ്യോഗസ്ഥർക്കൊപ്പം വനസംരക്ഷണ പ്രവർത്തകരും ഗാനാഞ്ജലിയുടെ ഭാഗമായി. ഔദ്യോഗിക ചുമതലകൾക്കിടയിൽ ലഭിക്കുന്ന ഒഴിവ് സമയങ്ങളിൽ ഓൺലൈനായാണ് ഉദ്യോഗസ്ഥർ പരിശീലനം നടത്തിയത്. ഡി.എഫ്.ഒ എം.ജി വിനോദ് കുമാറിന്റെ നേതൃത്വത്തിലായിരുന്നു ഗാനാഞ്ജലി.

## മകരജ്യോതി ദർശനം: ഒരുക്കങ്ങൾ പൂർത്തിയായതായി ദേവസ്വം ബോർഡ് പ്രസിഡന്റ്

മകരവിളക്ക് മഹോത്സവത്തിന് ശബരിമല സന്നിധാനം സജ്ജമായിക്കഴിഞ്ഞതായി തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് കെ. ജയകുമാർ പറഞ്ഞു. തിരുവാഭരണ ഘോഷയാത്ര നാളെ എത്തും. സന്നിധാനത്തും പരിസരത്തും ഒരു ലക്ഷത്തോളം ഭക്തർ തമ്പടിച്ചിട്ടുണ്ട്. എരുമേലി കാനനപാത വഴി തീർത്ഥാടകർ എത്തിക്കൊണ്ടിരിക്കുകയാണ്. തിരക്ക് നിയന്ത്രിക്കാൻ പോലീസ് സർവസജ്ജമാണ്. തിരുമുറ്റത്തും ഫ്ളൈ ഓവറുകളിലും നിന്ന് മകരജ്യോതി ദർശിക്കുന്നതിന് കർശന നിയന്ത്രണമാണ് ഏർപ്പെടുത്തിയിരിക്കുന്നത്. ദേവസ്വം ബോർഡ് ഫോട്ടോ പതിച്ച തിരിച്ചറിയിൽ പാസ് നൽകിയവർക്ക് മാത്രമേ ഈ സ്ഥലങ്ങളിൽ നിൽക്കാൻ കഴിയുകയുള്ളൂ. പാസ് ഒരു കാരണവശാലും മറ്റൊരാൾക്ക് കൈമാറാൻ കഴിയില്ല. സുതാര്യമായ സംവിധാനമാണ് ഇക്കുറി ഏർപ്പെുത്തിയിരിക്കുന്നത്.

മകരജ്യോതി ദർശനം കഴിഞ്ഞ് തിരിച്ചിറങ്ങാൻ തീർത്ഥാടകർ തിരക്ക് കൂട്ടുന്ന പ്രവണതയുണ്ട്. തിരിച്ചിറങ്ങുന്നതിന് തിരക്ക് കൂട്ടേണ്ടതില്ല. കൂടുതൽ കെഎസ്ആർടിസി ബസുകൾ പമ്പയിൽ ഏർപ്പെടുത്തിയിട്ടുണ്ടെന്നും പ്രസിഡന്റ് പറഞ്ഞു.

മുൻവർഷങ്ങളിൽ ഭക്തർക്ക് തങ്ങാൻ മുറി ലഭിക്കാത്തതിന്റെ പ്രശ്നമുണ്ടായിരുന്നു. ഈ വർഷം മുറി ബുക്ക് ചെയ്യുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി. ഭക്തരെ ഒരു തരത്തിലുമുള്ള ചൂഷണത്തിന് വിധേയമാക്കുന്ന സാഹചര്യവും ശബരിമലയിൽ ഉണ്ടാകില്ല.

അടുത്ത ശബരിമല തീർത്ഥാടന കാലത്തേയ്ക്കുള്ള ആസൂത്രണവും ഈ വർഷത്തെ അവലോകനവും നടത്തുന്നതിനായി എല്ലാ വകുപ്പുകളെയും വിളിച്ച് ചേർത്ത് ഫെബ്രുവരി 6ന് യോഗം ചേരുമെന്നും ദേവസ്വം ബോർഡ് പ്രസിഡന്റ് അറിയിച്ചു.

## ഹരിവരാസനം പുരസ്കാര സമർപ്പണം ഇന്ന്

ഈ വർഷത്തെ ഹരിവരാസനം പുരസ്കാരം പ്രശസ്ത നാഗസ്വര കലാകാരൻ തിരുവിഴ ജയശങ്കറിന് ഇന്ന് (ജനുവരി 14) ദേവസ്വം വകുപ്പ് മന്ത്രി വി.എൻ. വാസവൻ സമ്മാനിക്കും. രാവിലെ 10 മണിക്ക് ശബരിമല സന്നിധാനം ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിലാണ് പുരസ്കാര സമർപ്പണം. പ്രമോദ് നാരായണൻ എം.എൽ.എ അധ്യക്ഷത വഹിക്കും. ആന്റോ ആന്റണി എം.പി, എം.എൽ.എമാരായ കെ.യു ജനീഷ് കുമാർ, സെബാസ്റ്റ്യൻ കുളത്തുങ്കൽ തുടങ്ങിയവർ സംസാരിക്കും. റവന്യൂ, ദേവസ്വം വകുപ്പ് സെക്രട്ടറി എം ജി രാജമാണിക്യം പ്രശസ്തിപത്രം പാരായണം ചെയ്യും. ശബരിമല ഉന്നതാധികാര സമിതി ചെയർമാൻ എസ് സിരിജഗൻ, തിരുവിതാംകൂർ, കൊച്ചിൻ ദേവസ്വം ഓംബുഡ്സ്മാൻ കെ. രാമകൃഷ്ണൻ എന്നിവർ മുഖ്യപ്രഭാഷണം നടത്തും.

ഭക്തിഗാനശാഖയ്ക്ക് നൽകിയ സംഭാവനകൾ പരിഗണിച്ചാണ് ഹരിവരാസനം പുരസ്കാരത്തിന് തിരുവിഴ ജയശങ്കറെ തെരഞ്ഞെടുത്തത്. അയ്യപ്പഭക്തിഗാനങ്ങളും ശരണമന്ത്രങ്ങളും നാഗസ്വരത്തിലൂടെ ആവിഷ്കരിച്ച് ആത്മീയ സംഗീതത്തിന് പുതിയ ഭാവം നൽകുകയും സംഗീതത്തെ ജനകീയമാക്കുകയും ചെയ്ത അദ്ദേഹത്തിന്റെ സംഭാവനകൾ ഏറെ ശ്രദ്ധേയമാണ്.

ചടങ്ങിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് കെ. ജയകുമാർ, ജില്ലാ കളക്ടർ എസ്. പ്രേംകൃഷ്ണൻ, ദേവസ്വം ബോർഡ് അംഗങ്ങളായ കെ. രാജു, പി.ഡി സന്തോഷ്കുമാർ, ശബരിമല സ്പെഷ്യൽ കമ്മീഷണർ ആർ. ജയകൃഷ്ണൻ, ചീഫ് പോലീസ് കോർഡിനേറ്റർ എസ്. ശ്രീജിത്ത്, എ.ഡി. എം. അരുൺ. എസ്. നായർ, തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറി ബി സുനിൽകുമാർ, മറ്റ് ഉദ്യോഗസ്ഥർ രാഷ്ട്രീയ സാമൂഹിക പ്രവർത്തകർ തുടങ്ങിയവർ പങ്കെടുക്കും.